"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ-അഡീഷണൽ വൺ സ്റ്റോപ്പ് സെന്ററുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.223/2026/WCDD തീയതി,തിരുവനന്തപുരം, 01-07-2026

---

പരാമർശം:-

1. കേന്ദ്ര സർക്കാരിന്റെ 30.01.2024-ലെ Sambal/40/2023-Sambal (e-107640) നം. കത്ത്.
2. കേന്ദ്ര സർക്കാരിന്റെ 05.06.2024-ലെ WW-22011/1/2022-WW നം. കത്ത്.
3. വനിതശിശു വികസന ഡയറക്ടറുടെ 13.06.2026-ലെ DWCD/5993/2025-NCPO3(1) നം. കത്ത്.

**<u>ഉത്തരവ്</u>**

ജനസംഖ്യ താരതമ്യേന കൂടുതലായ മെട്രോപോളിറ്റൻ നഗരങ്ങളായ കോഴിക്കോട്, എറണാകുളം ജില്ലകളിൽ അധികമായി രണ്ടാം വൺ സ്റ്റോപ്പ് സെന്റർ തുടങ്ങുന്നതിനുള്ള അംഗീകാരം പരാമർശം (1) പ്രകാരവും വൺ സ്റ്റോപ്പ് സെന്റർ വാടകയ്ക്ക് എടുക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ പരാമർശം (2) പ്രകാരവും ലഭ്യമാക്കിയിരുന്നു. പുതിയതായി അനുമതി ലഭ്യമായ വൺസ്റ്റോപ്പ് സെന്ററുകൾ സർക്കാർ വക കെട്ടിടങ്ങൾ കണ്ടെത്തി പ്രവർത്തിപ്പിക്കേണ്ടതും അങ്ങനെയുള്ള കെട്ടിടങ്ങൾ ലഭ്യമാകാതെ വരുന്ന സാഹചര്യങ്ങളിൽ വാടക സംവിധാനം, താൽക്കാലിക സംവിധാനമായി തെരഞ്ഞെടുക്കാവുന്നതാണെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.മേൽ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾക്കു വിധേയമായി കണ്ടെത്തുന്ന വാടക കെട്ടിടത്തിൽ അഡീഷണൽ വൺ സ്റ്റോപ്പ് സെന്റർ പ്രവർത്തിക്കാനുള്ള അനുമതി നൽകുന്നതിനായി നടപടി സ്വീകരിക്കണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥിൽ, അഡീഷണൽ വൺ സ്റ്റോപ്പ് സെന്ററുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

i. 5 മുറികളോടു കൂടി കണ്ടെത്തുന്ന കെട്ടിടത്തിന്റെ വാടക PWD/CPWD ഫിക്സ് ചെയ്ത് നൽകേണ്ടതും 2 കിലോമീറ്റർ ചുറ്റളവിൽ ആശുപത്രി സൗകര്യം ഉണ്ടെന്നും ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ഉറപ്പുവരുത്തേണ്ടതാണ്.

ii. ഒരു വർഷത്തേക്കാണ് വാടക നൽകുന്നതെന്നും, കണ്ടെത്തിയിട്ടുള്ള സർക്കാർ വക കെട്ടിടത്തിലേക്ക് അല്ലെങ്കിൽ പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിലേക്ക് ഈ ഒരു വർഷത്തിനുള്ളിൽ സെന്റർ മാറ്റി പ്രവർത്തിക്കേണ്ടതാണെന്നും കെട്ടിടം പണി ചെയ്യുന്ന ഏജൻസിയുമായി വയ്ക്കുന്ന കരാറിൽ ഈ വിവരം രേഖപ്പെടുത്തേണ്ടതാണ്.

iii. ഒരു വർഷത്തിനുള്ളിൽ മാറ്റി പ്രവർത്തിപ്പിക്കുവാൻ സാധിച്ചില്ല എങ്കിൽ 6 മാസത്തേക്ക് കൂടി വാടക സംവിധാനം നീട്ടി കിട്ടാവുന്നതും എന്നാൽ ആയതിനു ഭരണ വകുപ്പ് സെക്രട്ടറി മുഖേന കേന്ദ്ര മന്ത്രാലയത്തിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.

iv.വാടകയ്ക്കായി തുക റെക്കറിംഗ് കമ്പോണന്റിൽ നിന്നും ഉപയുക്തമാക്കാവുന്നതാണ്. മെട്രോ പൊളിറ്റൻ സിറ്റികളിൽ ഒരു മാസത്തെ കെട്ടിട വാടക 50,000/-രൂപയും മറ്റുള്ള സ്ഥലങ്ങളിൽ 24,000/-രൂപ വരെയും നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 01-07-2026 16:53:10
സെക്ഷൻ ഓഫീസർ